ഡയാലിസിസ് സെന്ററുകൾ

4 (3435) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം സൗജന്യചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടുവഴി വൃക്കരോഗികൾക്ക് ഡയാലിസിസ് സൌകര്യം നൽകുന്ന സ്വകാര്യ ഡയാലിസിസ് സെന്ററുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ ആരോഗ്യവകുപ്പ് ഏതെല്ലാം സർക്കാർ ജില്ല/താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജില്ലാ ആശുപത്രി കൊല്ലം, കോഴഞ്ചേരി, മാവേലിക്കര, പാലക്കാട്, നിലമ്പൂർ, മാനന്തവാടി, കണ്ണൂർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പുനലൂർ, ജനറൽ ആശുപത്രി പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, വനിതാ ശിശു ആശുപത്രി ആലപ്പുഴ, താലൂക്ക് ആശുപത്രി ചേർത്തല, പുളിങ്കുന്ന്, ചെങ്ങന്നൂർ, കായംകുളം, ഹരിപ്പാട്, തൊടുപുഴ, ആലത്തൂർ, ചിറ്റൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, താമരശ്ശേരി, ഗവൺമെന്റ് ജില്ലാ ആശുപത്രി തിരൂർ, ഗവൺമെന്റ് മെഡിക്കൽ കോളേജ് കളമശ്ശേരി.

(ബി) വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ ആരോഗ്യ വകുപ്പ് 27 സർക്കാർ ജില്ല/താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുവാനുദ്ദേശിച്ചിരിക്കുന്നത്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ആശുപത്രികളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി

5 (3436) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഏതെല്ലാം ആശുപത്രികളിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി ആരംഭിച്ചിട്ടുണ്ട് ; ഈ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിലെ ബെഡ് സ്ട്രെങ്ത് എത്ര വീതം എന്നും ദിനംപ്രതിയുള്ള ഒ. പി. എത്ര എന്നും വിശദമാക്കാമോ ;

(ബി) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വരുന്ന ഒ. പി. അനുസരിച്ച് ഇവിടെ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി അത്യാവശ്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാ ആശുപത്രിയിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലാ ആശുപത്രിയിൽ ബെഡ് സ്ട്രെങ്ത് 190, ശരാശരി ഒ.പി. 450.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 4 ആശുപത്രികളിൽ പുതുതായി മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി ആരംഭിച്ചിട്ടുണ്ട്. ബെഡ് സ്ട്രെങ്തും ദിനം പ്രതിയുള്ള ഒ.പി.യും ചുവടെ ചേർക്കുന്നു.

നമ്പർ	പേരും സ്ഥാപനവും	ബെഡ് സ്ട്രെങ്ത്	ആവറേജ് ഡെയ് ലി ഒ.പി
1	ജില്ലാ ആശുപത്രി, നിലമ്പൂർ	142	1173
2	താലൂക്ക് ആശുപത്രി, പാമ്പാടി	225	629
3	ജി.എച്ച്. ഇരിങ്ങാലക്കുട	216	779
4	താലൂക്ക് ആശുപത്രി, ഫോർട്ട്	76	499

(ബി) കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഒ.പി. 2500 -ഉം ബെഡ് സ്ട്രെങ്ത് 159-ഉം ആണ്. കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഒ.പി. അനുസരിച്ച് അവിടെ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി അത്യാവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിലേയ്ക്കാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly